# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂതൃക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.1)2287/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതൃക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.1)2287/22 തീയ്യതി: 03/03/2023

## എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയാബീവി. ജെ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ,
മേഴ്സി കെ. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
അനീഷ് ആർ, സീനീയർ ഗ്രേഡ് ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| വർഗ്ഗീസ് ടി പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ദീപു ദിവാകരൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷർമിള സി പി | അസി. എഞ്ചിനീയർ | 01-04-2021 | 30-06-2021 |
| ചിത്ര എം | അസി. എഞ്ചിനീയർ | 01-07-2021 | 25-09-2021 |
| ബേസിൽ മത്തായി | അസി. എഞ്ചിനീയർ | 26-09-2021 | 27-11-2021 |
| ജസ്ലിൻ ലില്ലി സാറ ജേക്കബ് | അസി. എഞ്ചിനീയർ | 28-11-2021 | 31-03-2022 |
| ജോമിലി ജോസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ആദർശ് ആർ | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 01-04-2021 | 31-03-2022 |
| ഡോ. ഇന്ദു എസ് സ്കറിയ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീദേവി എ എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| അഭിലാഷ് എം ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൂത്തൃക്ക, തമ്മാനിമറ്റം, വടയമ്പാടി) | 01-04-2021 | 31-03-2022 |
| ഡോ. ജാൻസി സി കാപ്പൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 11-05-2021 |
| ഡോ. എൽദോ പി | സീനിയർ വെറ്ററിനറി സർജൻ | 12-05-2021 | 31-03-2022 |
| മധുസൂധനൻ സി വി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീലത വി സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 08-04-2021 |
| ഫൈസൽ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-04-2021 | 31-03-2022 |
| ആശാ കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. മേരി ഡയാന കെ എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപദ്ധതികൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | ദുരിതാശ്വാസ നിധി - നിഷ്ക്രിയം. | 1-12 |
| 13 | അസെറ്റ് മാനേജ്മെന്റ് | 1-13 |
| 14 | തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല | 1-14 |
| 15 | രജിസ്റ്ററുകളുടെ പരിപാലനം | 1-15 |
| 16 | വസ്തുനികുതി - വൻകുടിശ്ശികകൾ | 1-16 |
| 17 | വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-17 |
| 18 | പെർമിറ്റ് രജിസ്റ്റർ- അപാകതകൾ | 1-18 |
| 19 | ആയുഷ് ഹോമിയോ ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. | 1-19 |
| 20 | കണ്ണ്യാട്ടുകുടി കുടിവെള്ള പദ്ധതി - വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ- അപാകതകൾ | 1-20 |
| 21 | കുടിവെള്ള പദ്ധതി നവീകരണം-പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 22 | വിവിധ പ്രോജക്ടുകൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിലേക്ക് കെ.എസ്.ഇ.ബിയിൽ തുക അടവാക്കൽ-കണക്ഷൻ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 23 | പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം | 1-23 |
| 24 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-24 |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിക്കുന്നില്ല. | 1-25 |
| 26 | സുഭിക്ഷ കേരളം -പടുതാക്കുളം -ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-26 |

| | | |
|---|---|---|
| 27 | ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി മാറ്റൽ- സർക്കാർ നിർദ്ദേശമില്ലാതെ ചെലവ് നടത്തി | 1-27 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല | 1-28 |
| 29 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-29 |
| 30 | സ്റ്റേഷനറി വാങ്ങൽ- ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂർ തുക നൽകിയെങ്കിലും സ്റ്റേഷനറി ലഭിച്ചിട്ടില്ല. | 1-30 |
| 31 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ | 1-31 |
| 32 | എസ് സി വിദ്യാർഥികൾക്ക് പഠനമുറി - മുൻകൂർ നൽകിയിട്ടും പണി പൂർത്തിയാക്കിയില്ല | 1-32 |
| 33 | മരാമത്ത് പ്രവൃത്തികളുടെ പൊതുവായ അപാകതകൾ | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 31.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 8264966.45 | 13939155.00 | (-)5674188.55 |
| വരവ് | 325087940.00 | 91885074.00 | 233202866.00 |
| ആകെ | 333352906.45 | 105824229.00 | 227528677.45 |
| ചെലവ് | 330197908.00 | 95936401.00 | 234261507.00 |
| നീക്കിയിരുപ്പ് | 3154998.45 | 9887828.00 | (-)6732829.55 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 2.33 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 2.34 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാനതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 23.07.2022 |

വാർഷികധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ജൈവവൈവിദ്ധ്യപാർക്ക്, കുടിവെള്ള പദ്ധതികൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ ,അംഗൻവാടികൾ എന്നിവ ഉൾപ്പടെയുള്ള സ്ഥാവര ആസ്തികൾ കണക്കുകളിലില്ല.

2) 2018-19 ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് വഴി ദുരിതാശ്വാസനിധിയിലേക്ക് (വൗച്ചർ നം-21800492 / 27.08.2018) നൽകിയ സംഭാവന ചെലവിന് പകരം അഡ്വാൻസായി ചേർത്തതിനാൽ നിലവിലും തീർപ്പാക്കാതെ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

3)നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ ഏജൻസികൾക്കും നൽകിയ മുൻകൂറുകൾ സമയപരിധിക്ക് ശേഷവും തീർപ്പാക്കാതെ അവശേഷിക്കുന്നു.

4) Grants, Funds & Contributions For Specific Purposes (320200399, 320300199) ശീർഷകങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് – ബി-4 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13939155 |
| വരവ് | 91885074 |
| ആകെ | 105824229 |
| ചെലവ് | 95936401 |
| നീക്കിയിരിപ്പ് | 9887828 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1271646 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 11393400 | 11393400 | 11393400 | | 0 |
| വികസനഫണ്ട് -SCP | 0 | 5533000 | 5533000 | 4828000 | | 705000 |
| വികസനഫണ്ട് -TSP | 0 | 241900 | 241900 | 196000 | | 45900 |
| ധനകാര്യകമ്മീഷൻ അവാർഡ് (Basic)-Bank | 0 | 3452000 | 3452000 | 1037063 | 2414937 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied)-Bank | 0 | 2337626 | 2337626 | 2300143 | 37483 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്-(Tied) (Consolidated Fund) Treasury | 0 | 2983773 | 2983773 | 353487 | | 2630286 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) (Consolidated Fund) Treasury | | 484603 | 484603 | 222966 | | 261637 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 34683723 | 34683723 | 24840398 | | 9843325 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 0 | 4870979 | 4870979 | 2324323 | | 2546656 |
| ICDS (320100125) | 790362 | 724239 | 1514601 | 1311859 | 202742 | |
| Total Sanitation Campaign (320100181) | 59328 | 0 | 59328 | 0 | 59328 | |
| SAGY (320200306) | 18680 | 0 | 18680 | 0 | 18680 | |
| പകർച്ചവ്യാധി നിയന്ത്രണം (320100195) | 100000 | | 100000 | 100000 | 0 | |
| PBIG (320300103) | 2172237 | 140000 | 2312237 | 2179502 | 132735 | |

G O പ്രൊജക്ടിന്റെ ചെലവ് -വികസനഫണ്ട് ജനറൽ –9,63,600/-(അങ്കണവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക).
കുറിപ്പുകൾ-ഫണ്ട് റിക്വസിഷൻ നൽകിയതും എന്നാൽ ട്രഷറിയിൽ നിന്നും പാസ്സാകാത്തതുമായ ബില്ലുകൾ ഒഴിവാക്കാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിൽ വാർഷിക ധനകാര്യപത്രികയിലേയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലേയും ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 232 | 208681825 | 149 | 76108436 | 47 | 83 | 64.22% |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6481400 | 212 |
| വിധവാപെൻഷൻ | 10910000 | 1372 |
| വാർദ്ധക്യകാലപെൻഷൻ | 20802500 | 703 |
| വികലാംഗപെൻഷൻ | 3225900 | 103 |
| വിവാഹധനസഹായം | 0 | 0 |

| | | |
|---|---|---|
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 708000 | 45 |

## 1-7 തൊഴിലുറപ്പ് പദ്ധതി

2021-22 വർഷത്തെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2771 | 348211 | 350982 | 350976 | 6 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16331670 | 16331670 | 16331670 | 0 |
| ആകെ | 2771 | 16679881 | 16682652 | 16682646 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2022ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5480/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ മികച്ച രീതിയിൽ സൂക്ഷിക്കുന്നുണ്ട്. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നീ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി കൃത്യമായി കൈകാര്യം ചെയ്തുപോരുന്നുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ നിലവിലുണ്ട്. പഞ്ചായത്തിലെ രജിസ്റ്ററുകളും ഫയലുകളും പൊതുവെ കാര്യക്ഷമമായി കൈകാര്യം ചെയ്ത് വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതികളുടെ ഫയലിൽ മോണിട്ടറിങ്ങ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുന്നതിലും കൂടുതൽ കാര്യക്ഷമത ആവശ്യമാണ് പൊതുമരാമത്ത് പ്രവൃത്തികൾ പലതും ഒരേ പ്രവൃത്തി തന്നെ വിവിധ പ്രോജക്ടുകളായി നടപ്പാക്കുന്നു.മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല. മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/03/2021 | മാർച്ച് 2020 മുതൽ സെപ്റ്റംബർ 2020 വരെ | 30/10/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/05/2022 | 04/2018 മുതൽ 04/2022 വരെ | 04/07/2022 |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. ജനുവരി 22 ൽ ഒരു പ്രാവശ്യം മാത്രമേ ഗ്രാമസഭകൾ കൂടിയിട്ടുള്ളൂ. 2021-22 വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, എന്നിവയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായിരുന്നു.

## 1-12 ദുരിതാശ്വാസ നിധി - നിഷ്ക്രിയം.

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ 24-01-2006 ൽ യൂണിയൻ ബാങ്ക്, പൂതുക്ക ബ്രാഞ്ചിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തികവർഷം മുന്നിരുപ്പ് 3107/- രൂപയും നീക്കിയിരുപ്പ് 3130/-രൂപയും ആണ്. 31.3.2022 ൽ 3130/- രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്.

2021-22 വർഷം ഈ അക്കൗണ്ടിൽ വരവോ ചെലവോ ഒന്നുമില്ല. മുൻ വർഷങ്ങളിലും വരവു ചെലവുകൾ ഇല്ല. ടി അക്കൗണ്ട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ധനശേഖരണാർത്ഥമുള്ള കലാ, കായിക, വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തിക, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ നിധിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിലോ അടിയന്തിരഘട്ടങ്ങളിൽ അപേക്ഷ ഇല്ലാതെ തന്നെയോ ധനസഹായം നൽകാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ഒരു ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്

## 1-13 അസെറ്റ് മാനേജ്മെന്റ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡൻണ്ട് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റ്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല

A) പൂതൃക്ക ഗ്രാമ പഞ്ചായത്ത് 2021 -22 ൽ നടപ്പിലാക്കിയ പാലിന് സബ്സിഡി എന്ന പദ്ധതിയിൽ, താഴെ പറയുന്ന ക്ഷീരസംഘങ്ങളിൽ നിന്നുള്ള കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ടി സംഘങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയോ ഈടാക്കിയതായി കാണുന്നില്ല.

വിശദവിവരം ചേർക്കുന്നു.

| ക്രമ നം. | ക്ഷീരസംഘത്തിന്റെ പേര് |
|---|---|
| 1 | പൂതൃക്ക KUCS Ltd. No. E95 (D) APCOS |
| 2 | കടകുത്തി KUCS Ltd. E 211(D) APCOS |
| 3 | കറുകപ്പിള്ളി KUCS Ltd. E 200(D) APCOS |
| 4 | തിരുവാണിയൂർ KUCS Ltd. E 40 (D) APCOS |
| 5 | പുത്തൻകുരിശ് KUCS Ltd. E 189 (D) APCOS |
| 6 | പാങ്കോട് KUCS Ltd. E 124 (D) APCOS |
| 7 | കടമറ്റം KUCS Ltd. E 186 (D) APCOS |

മേൽ സംഘങ്ങളിൽ, പൂതൃക്ക ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ളവ ഏതെന്നും ആയവയിൽ നിന്ന് ബാധകമായ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/20.12.22) മറുപടി ലഭ്യമാക്കിയില്ല. പൂതൃക്ക ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്നവയിൽ നിന്ന് ബാധകമായ തൊഴിൽ നികുതി (സ്ഥാപന, ജീവനക്കാരുടെ) ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

B) ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ എഗ്രിമെന്റ് രജിസ്ററർ പ്രകാരം, താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു. ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട്. ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | സണ്ണി വി. പീറ്റർ |
| 2 | വി.പി. തമ്പി |
| 3 | ബേസിൽ എബ്രഹാം |
| 4 | പി.വി. ജോർജ്ജ് |
| 5 | പോൾ സി.കെ. |
| 6 | ബിജു കെ. ചെറിയാൻ |
| 7 | വി.പി. ജോർജ്ജ് കുട്ടി |

| | |
|---|---|
| 8 | അലക്സ് പി. വർഗ്ഗീസ് |
| 9 | മുഹമ്മദ് സഫർ |
| 10 | ശശികുമാർ |
| 11 | കെ.പി. ഔസേഫ് |
| 12 | പി.സി. ജോർജ്ജ് |
| 13 | മണി എബ്രഹാം |
| 14 | എൽദോസ് പീറ്റർ |
| 15 | ബിനോയ് ടി.ബേബി |
| 16 | എം.കെ.ചാക്കോ |
| 17 | സി.കെ. പോൾ |
| 18 | മത്തായി |

എഗ്രിമെന്റ് രജിസ്റ്ററിൽ കോൺട്രാക്ട് ഒപ്പിട്ട തീയതി രേഖപ്പെടുത്തിയിട്ടുണ്ട്. ജോലി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 6/20.12.2022 മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 60 ദിവസത്തിലധികം ജോലി ചെയ്തിട്ടുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-15 രജിസ്റ്ററുകളുടെ പരിപാലനം

1) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടനിർമ്മാണത്തിന്റെ പൂർത്തീകരണ വിവരങ്ങൾ ചേർക്കാതെയാണ് സൂക്ഷിച്ചിരിക്കുന്നത്. ഒക്കുപൻസി വിവരങ്ങൾ, അസസ്സ്മെന്റ് നമ്പർ , Property Tax Mutation Number എന്നിവ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. തുടർ പരിശോധനയ്ക്ക് ആവശ്യമായ മേൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ആയവയുടെ പരിശോധന സാധ്യമാകാതെ വരുന്നു. നമ്പറിംഗ് സമയത്ത് മേൽ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. എക്സ്റ്റൻഷൻ പെർമിറ്റ് നൽകുന്ന കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങളോ കൂട്ടിച്ചേർത്ത ഭാഗങ്ങൾക്കുള്ള അസസ്സ്മെന്റ് വിവരങ്ങളോ രജിസ്റ്ററിൽ ചേർക്കുന്നില്ല. 2019-20 കാലയളവ് മുതലുള്ള വിവരങ്ങളെങ്കിലും രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2) ലൈസൻസ് രജിസ്റ്റർ

സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ, തൊഴിൽ നികുതി എന്നിവ ബന്ധപ്പെടുത്തിയാണ് ഇവയുടെ കൃത്യത പരിശോധിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ലൈസൻസ് രജിസ്റ്ററിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ഇതിനാൽ ഇവയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. അപാകത പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

3) എഗ്രിമെന്റ് രജിസ്ററിൽ, കോൺട്രാക്ട് ഒപ്പിട്ട തീയതി രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ജോലി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തുന്നില്ല. ആയത് രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി - വൻകുടിശ്ശികകൾ

സഞ്ചയ സോഫ്റ്റ്വെയർ രേഖകൾ പ്രകാരം വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ, താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കാത്തതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

A. ഓഫീസ് കെട്ടിടങ്ങൾ

| ക്രമ നം. | വാർഡ് നം. കെട്ടിട നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം | ഡിമാൻറ് 2021-22 ( I&II Half) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 4/676 | തഹസിൽദാർ | കുന്നത്തുനാട് താലൂക്ക്. | 4,557.00 | 45,570.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 2 | 6/308 | SNDP യോഗം | ശാഖ നം. 308 | 4,990.00 | 50,082.00 (2011-12 മുതലുള്ള കുടിശ്ശിക) Building Details > Demand പ്രകാരമുള്ള കുടിശ്ശികയാണ്, പരിശോധിക്കുക. |

| | | | | | |
|---|---|---|---|---|---|
| 3 | 12/278 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, | KWA, World Bank Division | 11,492.00 | 1,14,920.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 4 | 12/275 | “ | “ | 27,418.00 | 2,74,180.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 5 | 12/279 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, | Kerala Water Authority | 19,404.00 | 1,94,040.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 6 | 12/295 | “ | “ | 11,810.00 | 1,18,100.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 7 | 12/277 | “ | “ | 15,071.00 | 1,50,710.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 8 | 12/276 | “ | “ | 4,839.00 | 2006-07 (മുതലുള്ള കുടിശ്ശിക 54,046.00) |
| 9 | 2/8 | ഡിസ്ട്രിക്റ്റ് സൂപ്രണ്ട് ഓഫ് പോലീസ്, ആലുവ. | - | 16,683.00 | 2020-21 (മുതലുള്ള കുടിശ്ശിക 50,049.00) |
| 10 | 2/15 | “ | - | 5,213.00 | 15,639.00 (2020-21 മുതലുള്ള കുടിശ്ശിക) |
| | | ആകെ | | 1,21,477.00 | |

B. മൊബൈൽ ടവറുകൾ

| ക്രമ നം. | വാർഡ് നം. കെട്ടിട നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം | ഡിമാൻറ് 2021-22 ( I&II Half) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 5/1082/A | ടവർ വിഷൻ ഇൻഡ്യ പ്രൈ. ലി. | ടവർ വിഷൻ ഇൻഡ്യ | 9,608.00 | - |
| 2 | 11/307/A | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ | എസ്സാർ ടെലികോം | 10,563.00 (2020-21 II Half & 2021-22 I Half കുടിശ്ശിക ) | കുടിശ്ശിക നിലനിൽക്കേ 2021-22 II Half തുക വാങ്ങിയതായി കാണുന്നു. പരിശോധിച്ച് മറുപടി ലഭ്യമാക്കുക. |
| 3 | 2/621/C | BSNL Mobile Service | BSNL Mobile | 7,419.00 | 74,190.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 4 | 5/450/A | “ | “ | 6,300.00 | 63000.00 (2013-14 മുതലുള്ള കുടിശ്ശിക) |
| 5 | 13/141/A | “ | “ | 3,431.00 | 34310.00 (2013-14 മുതലുള്ള കുടിശ്ശിക) |
| | | ആകെ | | 37,321.00 | |

മേൽ സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി പിരിവിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നതും ആയതിന്റെ തുടർനടപടി വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

പ്രസിഡന്റ് ഓഫ് ഇൻഡ്യയുടെ പേരിലുള്ള കെട്ടിടങ്ങൾക്കാണ് വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മേൽ BSNL Mobile Service കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 1/17.12.2022 മറുപടി ലഭ്യമാക്കിയില്ല.

## 1-17 വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ കെട്ടിട വാടക രജിസ്റ്റർ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന തുക 2021-22 ൽ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | തുക |
|---|---|---|
| V/276 | രൂപേഷ് എം. ബേബി, മേപ്പുറത്ത് മ്യാൽ (H) കോലഞ്ചേരി | 4181x 5 = 20,905.00 ( 11/2021 To 3/2022) |

തുക ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

2)വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം (Code -431400102 - Rent Receivables From Buildings Arrears) 40,320/- രൂപ കുടിശ്ശിക ഉണ്ട് (Arrear Demand). ആയത് ലഭ്യമായിട്ടുണ്ടോ എന്ന വിവരവും തുടർ നടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/20.12.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-18 പെർമിറ്റ് രജിസ്റ്റർ- അപാകതകൾ

1)പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടനിർമ്മാണത്തിന്റെ പൂർത്തീകരണ വിവരങ്ങൾ ചേർക്കാതെയാണ് സൂക്ഷിച്ചിരിക്കുന്നത്. ഒക്കുപൻസി വിവരങ്ങൾ, അസസ് മെൻറ് നമ്പർ, Property Tax Mutation Number എന്നിവ പെർമിറ്റ് രജ്സ്റ്ററിൽ ചേർക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് രജിസ്റ്ററിലെ ക്രമനം. | Current No. And Date Of Receipt | ഉടമസ്ഥന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | 106 | A3-4889/19 /16.12.19 | ഐസക് പുന്നക്കൽ, കോലഞ്ചേരി | ഒക്കുപൻസി, പൂർത്തീകരണ, അസസ് മെന്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2. | 107 | A3- 4890/19 /16.12.19 | തോമസ് പി കുന്നത്ത്, കിങ്ങിണിമറ്റം | " |
| 3 | 119 | A3- 5038/19 /31.12.19 | ജിജീഷ് രാജു, മീമ്പാറ | എക്സ്റ്റൻഷൻ , അസസ് മെന്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 4 | 135 | A3- 409/20 /04.02.20 | ജോണി ടി.എം. തോട്ടപ്പള്ളിൽ | " |

2)കൂട്ടിച്ചേർത്ത ഭാഗങ്ങൾക്കുള്ള അസസ്സ്മെന്റ് നടത്തി കെട്ടിടത്തിന് നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

3)എക്സ്റ്റൻഷൻ പെർമിറ്റ് നൽകുന്ന കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങളോ കൂട്ടിച്ചേർത്ത ഭാഗങ്ങൾക്കുള്ള അസസ്സ്മെന്റ് വിവരങ്ങളോ ക്രമവൽക്കരണ വിവരങ്ങളോ രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതിന്റെ തുടർനടപടി ഗ്രാമപഞ്ചായത്ത് ഏതു വിധത്തിലാണ് നടപ്പിലാക്കിവരുന്നത് എന്ന വിവരം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

4)കെട്ടിടങ്ങൾക്ക് എക്സ്റ്റൻഷൻ പെർമിറ്റ് നൽകുമ്പോൾ ഇവയുടെ നിലവിലെ കെട്ടിട നമ്പർ ചേർക്കാതെയാണ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തുന്നത്. ഇപ്രകാരം തുടർ പരിശോധനയ്ക്ക് ആവശ്യമായ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം. 14/20.12.2022 മറുപടി ലഭ്യമാക്കിയില്ല.

## 1-19 ആയുഷ് ഹോമിയോ ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നമ്പർ – 5/2022
നിർവ്വഹണം- സെക്രട്ടറി , ഗ്രാമപഞ്ചായത്ത്
അടങ്കൽ – 3,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ് -3,00,000/-
ബിൽ നം.16/2021-22 Dtd 13/01/2022

പൂതൃക്ക ആയുഷ് ഹോമിയോ ആശുപത്രിക്കായി മരുന്നുകൾ വാങ്ങുന്നതിനായി 2021-22 ലെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 3,00,000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിരുന്നു. ഈ തുക ഹോംകോ, ആലപ്പുഴയിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി ഹോംകോയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ

ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | തിയതി | നൽകിയ തുക | ഇതുവരെ ലഭിച്ച മരുന്നുകളുടെ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|---|---|
| 5/2022 | ഹോംകോ, ആലപ്പുഴ | PRF-999 | 22/11/2021 | Rs.3,00,000/- | Rs.1,59,419/- | Rs.1,40,581/- |
| | ആകെ | | | | | Rs.1,40,581/- |

മുൻകൂർ നൽകിയിട്ടും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ മരുന്ന് ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( ഓഡിറ്റ് എൻക്വയറി - 2 തിയതി 16/12/2022). ആകെ ലഭിക്കാനുണ്ടായിരുന്ന 300000 രൂപയുടെ മരുന്നുകളിൽ ലഭിച്ച Rs.1,59,419/- രൂപയുടെ മരുന്നുകളും ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷമാണ് ഹോംകോയിൽ നിന്നും ലഭ്യമായിട്ടുള്ളത്. അവശ്യമരുന്നുകളുടെ ലഭ്യത ആരോഗ്യസ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അനിവാര്യമായിനാൽ യഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലഭിക്കാനുള്ള മരുന്നുകൾക്ക് മുൻകൂർ നൽകിയ 1,40,581/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 കണ്യാട്ടുകുടി കുടിവെള്ള പദ്ധതി - വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 252/20-21 |
| പ്രോജക്ടിന്റെ പേര് | കണ്യാട്ടുകുടി കുടിവെള്ള പദ്ധതി - വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ |
| അടങ്കൽ | 499999/-(എസ്.സി.പി.ഫണ്ട്) |
| ചെലവ് | 434981/- |
| ബിൽനം.&തീയതി | 1)274097-1418654/29-3-21<br>2)24787- 1439812/30-3-21<br>3)136097-553515/25-10-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

2020-21 ൽ തുടങ്ങിയ ഒരു പ്രോജക്ടാണിത്. ടി പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടിരുന്നത് നിലവിലുള്ള കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയിലെ വാട്ടർടാങ്കുമായി ബന്ധിപ്പിച്ച് ഒരു വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് മാലിന്യങ്ങൾ ഇല്ലാത്ത കുടിവെള്ളം വിതരണം ചെയ്യുക എന്നതായിരുന്നു.ആയതിനുവേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, (തിരുവനന്തപുരം) നടപടി ക്രമം നം.2220/G/2019/sm തീ.22-11-2019 ലെ ശുചിത്വ മിഷന്റെ എം പാനലിൽ 21 പേരുള്ള എം പാനൽ ലിസ്റ്റിൽ നിന്ന് " H2o Care" ബൈപാസ് റോഡ്, ചങ്ങനാശ്ശേരി, കോട്ടയം-686101, കേരളം എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. ടി സ്ഥാപനം വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി 499999/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ഇൻവോയിസ് നം.B400,E-way Bill No.681252608047 Dtd. 26-3-21) .499999/-രൂപയിൽ മേൽ ബില്ലുകൾ പ്രകാരം ആകെ 434981/- രൂപ " H2o Care " ന് ഇതുവരെ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ വാട്ടർ പ്യൂരിഫയർ പ്രവർത്തനയോഗ്യമാക്കിയിട്ടില്ല. ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കുകയോ, മറ്റ് അനുബന്ധപ്രവർത്തനങ്ങൾ നടത്തി ഈ വാട്ടർ പ്യൂരിഫയർ പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല. ഫയൽ പരിശോധിച്ചതിന്റെയും ഓഡിറ്റ് ടീമും അസിസ്റ്റന്റ് എഞ്ചിനീയറും കൂടി 19-12-22ൽ നടത്തിയ സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ്താഴെ പറയുന്ന അപാകതകൾ ഉണ്ട്.
(വാട്ടർ പ്യൂരിഫയറിന്റെ ഫോട്ടോ താഴെ കാണിച്ചിരിക്കുന്നു.)




വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ

1) 21 സ്ഥാപനങ്ങളുടെ എം പാനൽ ലിസ്റ്റിൽ നിന്ന് H 2o Care എന്ന സ്ഥാപനത്തെ സെലക്ട് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് ട്രയൽ റൺ നടത്തി ഇതിന്റെ പ്രവർത്തനം കുറ്റമറ്റതാണെന്ന സാക്ഷ്യപത്രം ഏജൻസി പഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല.

3) വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച തീയതി മുതൽ 1 വർഷം വരെയാണ് വാറന്റി പറഞ്ഞിരിക്കുന്നത്. എന്നാൽ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ ഇല്ല. ആയതിനാൽ ഇ-വേ ബിൽ തീയതി പ്രകാരം 27-3-21 [ഡെലിവറി ചെയ്ത തീയതി) കണക്കാക്കിയാൽ 27-3-22 വരെയെ വാറന്റി പിരീഡ് ഉള്ളൂ. വാട്ടർ പ്യൂരിഫയർ ലഭ്യമായിട്ട് ഇപ്പോൾ 1 വർഷവും 8 മാസവും കഴിഞ്ഞു. നാളിതുവരെ ഇത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

4) വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെ (ഇലക്ട്രിസിറ്റി കണക്ഷൻ, ആവശ്യമായ പ്ളമ്പിംങ്ങ് വർക്കുകൾ മുതലായവ) യാണ് വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചത്.

5) ശരിയായി ആസൂത്രണം ചെയ്യാതെയും വിദഗ്ദോപദേശം തേടാതെയുമാണ് ടി പ്രോജക്ട് നടപ്പിലാക്കിയിക്കുന്നത്.

6) മറ്റ് കുടിവെള്ള പദ്ധതികളെ അപേക്ഷിച്ച് ഈ പദ്ധതിക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിന്റെ

ആവശ്യകത വ്യക്തമാക്കിയിട്ടില്ല.
ഇക്കാര്യങ്ങൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. കഴിഞ്ഞ ഓഡിറ്റിൽ (20-21) ഇതിന്റെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ലായിരുന്നു. (ഖ. നം. 1-22 ൽ പരാമർശം ഉണ്ട്).
ഫിൽട്ടർ ചെയ്ത വെള്ളം കുടിവെള്ളത്തിന് മാത്രമായി ഉപയോഗിക്കുകയും മറ്റ് ആവശ്യങ്ങൾക്ക് ഫിൽട്ടർ ചെയ്യാത്ത വെള്ളം ഉപയോഗിക്കുന്നതിനും വേണ്ടി പ്രത്യേക പൈപ്പ് ലൈനുകൾ ഇടുന്നത് അഭികാമ്യം ആയിരിക്കും. അല്ലാത്ത പക്ഷം ഇത്രയധികം വെള്ളം ഫിൽട്ടർ ചെയ്യുന്നത് വഴി ഫിൽട്ടർ എത്രയും പെട്ടെന്ന് ചെളിയും അഴുക്കും നിറഞ്ഞ് സ്റ്റക്ക് ആകാൻ സാധ്യത ഉണ്ട്. പഴയ ലൈൻ പഴയ രീതിയിലും ഫിൽട്ടർ ചെയ്ത വെള്ളത്തിന് പുതിയ പൈപ്പ് ലൈനും ആണ് വേണ്ടത്. ഫിൽട്ടർ ഇടക്ക് ക്ലീൻ ചെയ്യുന്നതിന് എ. എം. സി ൽ ഏർപ്പേടേണ്ടതാണ്. ഇതിന്റെ പരിപാലനത്തിന് Recurring Expense ധാരാളം ഉണ്ടാകുവാൻ സാധ്യതയുണ്ട്. ആയതിനാൽ ശരിയായ രീതിയിൽ ആസൂത്രണം നടത്തി വാട്ടർ പ്യൂരിഫയർ ഉപയോഗപ്രദമാക്കേണ്ടതാണ്.
ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെയും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാതെയും വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുകയും വാറന്റി പിരീഡ് കഴിഞ്ഞ് ഒരു വർഷത്തോളം ആയിട്ടും ഇതു പ്രവർത്തനക്ഷമമാക്കാതിരുന്നത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ, മരാമത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാട്ടർ പ്യൂരിഫയറിന് വേണ്ടി ചെലവഴിച്ച 434981/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാട്ടർ പ്യൂരിഫയർ അനുബന്ധപ്രവർത്തനങ്ങൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി കുടിവെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തി ഇത് വ്യക്തമാക്കുന്ന രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റിൽ ഇത് ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ് എന്ന് അറിയിക്കുന്നു.

## 1-21 കുടിവെള്ള പദ്ധതി നവീകരണം-പൂർത്തീകരിച്ചിട്ടില്ല.

1) പണ്ടാരമുകൾ കോളനി കുടിവെള്ള പദ്ധതി നവീകരണം

| | |
|---|---|
| പ്രോജക്റ്റ്നം. | 258/21-22 |
| പ്രോജക്റ്റിന്റെ പേര്. | പണ്ടാരമുകൾ കോളനി കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | 800000/- |
| ചെലവ് | 717442/- |
| ബിൽനം.&തീയതി | 162/14-12-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | പി.വി.ജോർജ്ജ് |

2) വേളാർ കോളനി കുടിവെള്ള പദ്ധതി നവീകരണം

| | |
|---|---|
| പ്രോജക്റ്റ്നം. | 259/21-22 |
| പ്രോജക്റ്റിന്റെ പേര്. | വേളാർ കോളനി കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | 800000/- |
| ചെലവ് | 500000/- (സി.എഫ്.സി. ഗ്രാന്റ്) |
| ബിൽനം.&തീയതി | XBFC/22-23/1/10/23.12.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | പി.വി.ജോർജ്ജ് |

ടി രണ്ട് പ്രോജക്ടുകളിലും കോൺക്രീറ്റ് വാട്ടർടാങ്ക് സ്ഥാപിച്ച് ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ട് പ്രോജക്ടുകളിലും കോൺക്രീറ്റ് വാട്ടർടാങ്ക് (21-22 ലെ പ്രവൃത്തികൾ) സ്ഥാപിച്ചിട്ടുണ്ട്. ഈ കുടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച്, വാട്ടർ കണക്ഷൻ നല്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 വിവിധ പ്രോജക്ടുകൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിലേക്ക് കെ.എസ്.ഇ.ബിയിൽ തുക അടവാക്കൽ-കണക്ഷൻ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 240/22 |
| പ്രോജക്റ്റിന്റെ പേര്. | വിവിധ പ്രോജക്ടുകൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിലേക്ക് കെ.എസ്.ഇ.ബിയിൽ തുക അടവാക്കൽ |
| അടങ്കൽ | 75000/- |
| ചെലവ് | 57009/- |
| ബിൽനം.&തീയതി | 581/31-3-22 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ പ്രോജക്ട് പ്രകാരം വിവിധ പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിലേക്ക് കെ.എസ്.ഇ.ബിയിൽ (ഇലക്ട്രിക്കൽ സെക്ഷൻ, മൂവാറ്റുപുഴ) 57009/-രൂപ അടവാക്കിയിട്ടുണ്ട്. ഇവ ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/21-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 57009/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം

| | |
|---|---|
| പ്രോജക്ട്നം. | 270/22 |
| പ്രോജക്ടിന്റെ പേര്. | പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം |
| അടങ്കൽ | 400000/-(വികസനഫണ്ട് -ജനറൽ) |
| ചെലവ് | 308828/- |
| ബിൽനം.&തീയതി | 71/21-4-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സി.കെ.പോൾ |

2020-21 വർഷം ആരംഭിച്ച പ്രോജക്ടാണിത്.പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായി 2020-21 വർഷം 427365/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചുറ്റുഭാഗം കല്ല് കെട്ട്, ഒരു സൈഡ് ഫെൻസിങ്ങ് എന്നീ വേലകൾ ചെയ്തിട്ടുണ്ട്. അപൂർവ്വവും അന്യം നിന്നുപോകുന്നതുമായ സസ്യങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു പാർക്ക് ആണ് ബയോ ഡൈവേഴ്സിറ്റി പാർക്ക്. ഇവിടെയുള്ള ഓരോ സ്പീഷിസിനെയും തിരിച്ചറിയുന്നതിനുവേണ്ടി ഇവയുടെ സാധാരണ നാമം, ശാസ്ത്രീയ നാമം, ഫാമിലി എന്നിവ രേഖപ്പെടുത്തിയ ബോർഡുകൾ സസ്യങ്ങളുടെ സമീപം സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു എങ്കിലും ഈ പ്രവർത്തികൾ ചെയ്തിട്ടില്ല. ഇതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തി ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 68235/-രൂപ പ്രതിമാസം അടവാക്കുന്നുണ്ട്. കെ.എസ്.ഇ.ബി പ്രതിമാസം നൽകുന്ന ബില്ലിൽ പഞ്ചായത്തിൽ നിന്നും ആകെ നൽകേണ്ട വൈദ്യുതി ചാർജ്ജ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വൈദ്യുതി ചാർജ്ജിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് സമയത്ത് ആവശ്യപ്പെട്ടപ്പോൾ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം താഴെ ചേർക്കുന്ന ഇനം തെരുവുവിളക്കുകളുടെ ചാർജ്ജാണ് പ്രതിമാസ ബില്ലിൽ കെ.എസ്.ഇ.ബി ഈടാക്കി വരുന്നത് എന്ന് വ്യക്തമാക്കുകയുണ്ടായി.

ഓർഡിനറി ലാമ്പുകൾ – 65 Nos
ഫ്ലൂറസെന്റ് ട്യൂബ് 1x40 – 72 Nos
ഫ്ലൂറസെന്റ് ട്യൂബ് 2x40 – 176 Nos
സോഡിയം വേപ്പർ ലാമ്പ് 250 W – 31 Nos
സി.എഫ്.എൽ ലാമ്പ് 1x 18 W – 534 Nos
എൽ.ഇ.ഡി ലാമ്പ് 1 X18 W- 99 Nos

ഇതിൽ സോഡിയം വേപ്പർ ലാമ്പുകൾ, ഓർഡിനറി ബൾബുകൾ, ഫ്ലൂറസെന്റ് ട്യൂബ്, സി.എഫ്.എൽ ലാമ്പ് എന്നിവയൊന്നും നിലവിൽ തെരുവുവിളക്കുകളായി ഉപയോഗിക്കുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സർവ്വെ അധികാരി അറിയിച്ചിട്ടുള്ളതാണ്. സോഡിയം വേപ്പർ ലാമ്പുകൾക്ക് ഒന്നിന് 531 രൂപയും ഫ്ലൂറസെന്റ് ട്യൂബ് ഒന്നിന് 159 രൂപയും സി.എഫ്.എൽ ലാമ്പ് ഒന്നിന് 31 രൂപയും ഓർഡിനറി ബൾബുകൾ ഒന്നിന് 79 രൂപയുമാണ് കെ.എസ്.ഇ.ബി ഈടാക്കുന്ന വൈദ്യുതി നിരക്ക്. എന്നാൽ തെരുവുവിളക്കുകളിൽ ഉപയോഗിക്കുന്ന എൽ.ഇ.ഡി ലാമ്പുകൾക്ക് 8 മുതൽ 16 രൂപ വരെ മാത്രമാണ് വൈദ്യുതി നിരക്കുള്ളത്. ഗ്രാമപഞ്ചായത്ത് വർഷങ്ങളായി ലക്ഷങ്ങൾ മുടക്കി തെരുവുവിളക്കുകൾ ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി യായി മാറ്റി സ്ഥാപിക്കുന്നുണ്ടെങ്കിലും ഈ തെരുവുവിളക്കുകളുടെ ഇനം കെ.എസ്.ഇ.ബിയുടെ ബില്ലിംഗ് കണക്കുകളിൽ കൂടി മാറ്റുന്നത് ഉറപ്പുവരുത്താത്തതിനാൽ യഥാർത്ഥത്തിൽ നൽകേണ്ട വൈദ്യുതി നിരക്കിന്റെ 3-4 മടങ്ങ് വരെ നൽകേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിൽ നിലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പക്കൽ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല. ഉപയോഗിക്കുന്ന തെരുവുവിളക്കുകളുടെ മാത്രം വൈദ്യുതി ചാർജ്ജ് നൽകുന്നത് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-25 പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർചാർജ്ജ് ഇനത്തിൽ 251 പൊതുടാപ്പുകൾക്ക് 115314/- രൂപ വീതം വെള്ളക്കരം അടവാക്കുന്നുണ്ട്. എന്നാൽ കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ 17.03.2022 ലെ ബിൽ നം 1185 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2022 മാർച്ച് മാസത്തെ വെള്ളക്കരക്കുടിശ്ശിക 1.16 കോടി രൂപയാണ്. ഇതിനുപുറമേ 227352 രൂപ പിഴപ്പലിശയും നൽകാനുണ്ട്. മുൻവർഷങ്ങളിൽ യഥാസമയം പ്രതിമാസ വെള്ളക്കരം ഒടുക്കാതെ വന്ന കുടിശ്ശിക ബില്ലുകളും ഇവയുടെ മാസം തോറുമുള്ള പിഴപ്പലിശയുമാണ് വെള്ളക്കരക്കുടിശ്ശിക ഇത്രയും ഭീമമായ തുകയായി വർദ്ധിക്കുവാനുള്ള പ്രധാന കാരണം. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന (G.O Rt 1501/2006/LSGD, 23.06.2006) നടത്തി കുടിവെള്ളം നല്കാൻ സാധിക്കാത്ത പൈപ്പുകൾ ഒഴിവാക്കുന്നതിനോ ബാക്കിയുള്ളവയിൽ ജലലഭ്യത ഉറപ്പു വരുത്തി അവയ്ക്ക് മാത്രം വാട്ടർ ചാർജ്ജ് അടവാക്കുന്നതിന് നടപടികളോ സ്വീകരിച്ചതിന്റെ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഭീമമായ വെള്ളക്കര കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയോ, അദാലത്തിലൂടെയോ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയോ, സെക്രട്ടറിയോ വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകളോ, ചർച്ചയോ, തുടർനടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/20-12-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിലവിലെ വെള്ളക്കരകുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അദാലത്ത് എന്നിവയിലൂടെ തീർപ്പാക്കുന്നതിനും സംയുക്ത പരിശോധന നടത്തി അനിവാര്യമല്ലാത്ത പൈപ്പുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-26 സുഭിക്ഷ കേരളം -പടുതാക്കുളം -ചെലവ് രേഖകൾ ഹാജരാക്കിയില്ല.**

പ്രോജക്ട് നമ്പർ – 115/2022
നിർവ്വഹണം- സെക്രട്ടറി, ഗ്രാമപഞ്ചായത്ത്
അടങ്കൽ – 238600/- (വികസനഫണ്ട് (ജനറൽ)-50000,തനത്ഫണ്ട് -32800 & ഗുണഭോക്തൃവിഹിതം-155800)
ചെലവ് -50,000/-(വികസനഫണ്ട് (ജനറൽ)
ബിൽ നം.07/2021-22 Dtd 22/07/2021.

സംസ്ഥാന സർക്കാറിന്റെ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് മേഖലയിൽ അനുവദിച്ച വീട്ടുവളപ്പിൽ പടുതാക്കുളം എന്ന പദ്ധതിയിൽ നാലു ഗുണഭോക്താക്കൾക്ക് 12,500 രൂപ വീതം 50,000 രൂപ നൽകിയിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതി മാനദണ്ഡപ്രകാരം ഫിഷറീസ്, തദ്ദേശ വകുപ്പുകളുടേയും ഗുണഭോക്താവിന്റെയും വിഹിതം ഉൾപ്പെടുത്തിയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതിക്ക് വികസനഫണ്ട് മാത്രം ചെലവഴിച്ചതിന്റെ വിവരങ്ങളാണ് ലഭ്യമായിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ്, പദ്ധതി ചെലവിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷ, പ്രവൃത്തി നടത്തിയത് സംബന്ധിച്ച പരിശോധന റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് 16.12.2022 ൽ നല്കിയ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ പദ്ധതി പ്രകാരം ചെലവഴിച്ച 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-27 ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി മാറ്റൽ- സർക്കാർ നിർദ്ദേശമില്ലാതെ ചെലവ് നടത്തി**

2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങൾ സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരൊഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം പല തവണകളായി താല്കാലികമായി മാറ്റിവെച്ചു കൊണ്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം തന്നെ 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. നമ്പർ ഉത്തരവിലൂടെ 2021-22 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ വിലക്ക് 31/05/2021 വരെ സർക്കാർ നീട്ടിയിരുന്നു. തുടർന്നും ഇത് 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് G.O(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരവും ഇപ്രകാരമുള്ള നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചുകൊണ്ട് G.O(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ പ്രകാരവും സർക്കാർ ഉത്തരവിട്ടിരുന്നു.

2021-22 സാമ്പത്തിക വർഷം വിവിധ ഉത്തരവുകൾ വഴി സംസ്ഥാനത്തെ എല്ലാ സർക്കാർ നിയന്ത്രണമുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം പൊതുവെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ഈ കാലയളവിൽ ആർജ്ജിതാവധി പണമാക്കി മാറ്റാൻ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജ്ജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നം/ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.ഹന്ന മേരി ഫിലിപ്പ് | സീനിയർ ക്ലർക്ക് | 44733 | 22100175/2.6.2021 |
| 2 | ശ്രീ.ഷൈമോൻ എം.എസ് | സീനിയർ ക്ലർക്ക് | 44733 | " |
| 3 | ശ്രീമതി.സിജി കെ.എ | സീനിയർ ക്ലർക്ക് | 39516 | " |
| 4 | ശ്രീ.ജോർജ്ജ് കട്ടൻ വി.ജെ | ക്ലർക്ക് | 50616 | " |
| 5 | ശ്രീ.ലെനിൻ കെ.എസ് | ക്ലർക്ക് | 30304 | " |
| 6 | ശ്രീമതി.ചിത്ര ബേബി | ക്ലർക്ക് | 32765 | " |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി 2,72,971/- രൂപ പഞ്ചായത്തിലെ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റിന് നൽകിയ 30304/- രൂപ ഒഴികെയുള്ള തുകകൾ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ ക്രമവിരുദ്ധമായി കൈപ്പറ്റിയിട്ടുള്ളതാണ്. ഇക്കാര്യത്തിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം - 7 തിയതി 18-12-2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ അനുമതിയില്ലാതെ ചെലവഴിച്ച 242667/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല

ഔദ്യോഗിക ആവശ്യങ്ങൾക്കായി നൽകുന്ന മുൻകൂറുകൾ പരമാവധി കാലാവധിയായ മൂന്ന് മാസങ്ങൾക്കുള്ളിൽ തീർപ്പാക്കണമെന്നും മൂന്നുമാസ കാലാവധി കഴിയുന്ന മുറയ്ക്ക് ഇവ ക്രമീകരിക്കാത്തവരിൽ നിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതുമാണെന്നും 04.10.2011 ലെ ജി.ഒ(പി) 419/2011/ധന ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനതുഫണ്ടിൽ നിന്നും വൗച്ചർ നം.4200125 തീയതി 17/11/2020 പ്രകാരം 60410/- രൂപ ( ചെക്ക് നം-5794420 തീ.18/11/2020) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക് അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. 2021-22 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം ഈ തുക 31/03/2022 ലും ക്രമീകരിച്ചിട്ടില്ല. അഡ്വാൻസ് നൽകിയ തുക ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലക്ക് തിരികെ ഒടുക്കുവാൻ നിർദ്ദേശിച്ച് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടെങ്കിലും (കത്ത് നം-എ1/128/2018 തീയതി 04/03/2022) തുക തിരിക ഒടുക്കിയതിന്റെയോ അഡ്വാൻസ് ക്രമീകരിച്ചതിന്റെയോ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/20.12.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖകളും തുക തിരിക ഒടുക്കിയിട്ടില്ലെങ്കിൽ പിഴപ്പലിശ സഹിതം തുക ഈടാക്കിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം- സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

2021-22 സാമ്പത്തിക വർഷം ഐ.കെ.എം വിഹിതം നൽകൽ എന്ന പദ്ധതിക്കായി തുക മുൻകൂർ കൈമാറിയെങ്കിലും തുക കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 03/22 | ഐ.കെ.എം വിഹിതം | ഐ.കെ.എം | 04/2021-22 തിയതി 07/06/2021 | Rs.59,408/- |
| | ആകെ | | | Rs.59,408/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം -3/16.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 59,408/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 സ്റ്റേഷനറി വാങ്ങൽ- ഗ്രാമലക്ഷ്മി മുദ്രാലായത്തിന് മുൻകൂർ തുക നൽകിയെങ്കിലും സ്റ്റേഷനറി ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് സ്റ്റേഷനറി വാങ്ങുന്നതിനായി 67000/-രൂപ 15/07/2021 ൽ വൗച്ചർ നം 2100298/21-22 പ്രകാരം (ചെക്ക് നം-8868/15.07.2021) ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കൈമാറിയെങ്കിലും ലഭിച്ച സ്റ്റേഷനറിയുടെ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. സ്റ്റേഷനറി വാങ്ങുന്നതിനായി നൽകിയ ഇൻഡന്റ് ഫോം മാത്രമാണ് വൗച്ചറിനൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. സാധനങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ

വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. സ്റ്റേഷനറി ലഭിക്കാനുണ്ടെങ്കിൽ ഇതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്കായി ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-8/19.12.2022) നൽകിയെങ്കിലും രേഖകളോ മറുപടിയോ ഹാജരാക്കിയില്ല.ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 67000/-രൂപ തടസ്സപ്പെടുത്തുന്നു.

1-31 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

പൂതൃക്ക ഗ്രാമ പഞ്ചായത്തിലെ മരണറിപ്പോർട്ടുകൾ (2021-22) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ മരണപ്പെടുന്നവരുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഷൻ നടപടികൾ കൃത്യമായി നടപ്പിലാക്കി വരുന്നതായി കാണുകയുണ്ടായി. എങ്കിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് താഴെ ചേർക്കുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.5/16.12.2022) ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിരിക്കുന്നത്.

A) മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തതു മൂലം പെൻഷൻ അക്കൗണ്ടിലേക്ക് നിലവിലും തുകകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതായി സ്റ്റാറ്റസ് കാണിക്കുന്നു. ഉദാഹരണമായി, 04.01.2022 ൽ 02/2022 എന്ന നമ്പരിൽ ശ്രീമതി സാറാമ്മ ചാക്കോയുടെ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടില്ല.

വാർദ്ധക്യകാല പെൻഷൻ

| പേര് | ആധാർ നം. | മരണപ്പെട്ട തീയതി | അനർഹമായ കാലയളവിലെ തുക | റിമാർക്സ് | മറുപടി |
|---|---|---|---|---|---|
| സാറാമ്മ ചാക്കോ | 988952089634 | 14.12.2021 | 01/2022 To 09/2022 14400/- | തുക SBI അക്കൗണ്ടിൽ നിക്ഷേപിച്ചു. | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പെൻഷൻ സസ്പെന്റ് ചെയ്തു. തുക തിരികെ അടവാക്കാൻ ബാങ്കിനു കത്ത് നൽകിയിട്ടുണ്ട് |

തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

B)വിതരണത്തിനായി ബാങ്കിനു കൈമാറിയ പെൻഷൻ തുകകൾ ഗുണഭോക്താക്കൾ മരണപ്പെട്ടതുമൂലം അവർക്ക് കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നുണ്ട്. ഉദാഹരണങ്ങൾ ചേർക്കുന്നു. സ്റ്റാറ്റസ് പ്രകാരം തുകകൾ നിലവിലും ബാങ്കിന്റെ കൈവശത്തിലാണ്.

| ക്രമ നം. | പേര് | ആധാർ നം. | മരണപ്പെട്ട തീയതി/ സസ്പെന്റ് ചെയ്ത തീയതി | കൈമാറാൻ സാധിക്കാത്ത കാലയളവിലെ തുക | വിതരണം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ഏലിയാമ്മ എബ്രഹാം, വിധവ പെൻഷൻ | 996870287187 | 02.02.2022, 22.04.2022 | 01/2022 To 04/2022, 6400/- | ഡയറക്ട് ടു ഹോം (തുക കൈമാറാൻ സാധിച്ചിട്ടില്ല) | ലഭ്യമാക്കിയ വിവരങ്ങൾ അപൂർണ്ണമാണ് |
| 2. | ഇട്ടി, വാർദ്ധക്യ കാല പെൻഷൻ | 750972335101 | 11.02.2022, 19.04.2022, | 11/21 To 12/21, 3200/- 01/22 To 04/22, 6400/- | Federal Bank(തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. ഡയറക്ട് ടു ഹോം (തുക കൈമാറാൻ സാധിച്ചിട്ടില്ല. ആകെ 9,600/- | Federal Bank ൽ നിന്നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 3. | മാധവൻ പി.എസ്. കർഷക തൊഴിലാളി | 696930089699 | 21.02.22, 22.04.22 | 2/22 To 4/22, 4800/- | ഡയറക്ട് ടു ഹോം (തുക കൈമാറാൻ സാധിച്ചിട്ടില്ല. | ലഭ്യമാക്കിയ വിവരങ്ങൾ അപൂർണ്ണമാണ് |

| | പെൻഷൻ | | | | | | |
|---|---|---|---|---|---|---|---|

കൈമാറാൻ സാധിക്കാത്ത (അനർഹമായ കാലയളവിലെ) തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ- 110110801000251 ഐ.എഫ്.എസ് കോഡ്- KSBK0000101. ആയതു പ്രകാരം ടി തുകകൾ തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് സ്റ്റാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്. നിലവിലെ സ്റ്റാറ്റസ് പ്രകാരം തുകകൾ വിതരണത്തിനായി ലഭിച്ചിരുന്ന ബാങ്കിന്റെ കൈവശമാണ്. തുകകൾ തിരികെ അടവാക്കി ആയത് സ്റ്റാറ്റസിൽ രേഖപ്പെടുത്തി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

പൂതൃക്ക സർവീസ് സഹകരണ ബാങ്ക് കോലഞ്ചേരിയിൽ നിന്നും തുകകൾ തിരികെ അടവാക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട് . എന്നാൽ കളക്ഷൻ ഏജന്റുമാർ പെൻഷണർക്ക് പണം നൽകിയതിനുള്ള വിവരം സഹകരണബാങ്ക് ഫോം നം. 2 ൽ ലഭ്യമാക്കിയിരിക്കുന്നത് അപൂർണ്ണമാണ്. തുക തിരിച്ചടച്ച തീയതിയൽ സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന രസീത് നമ്പർ, പെൻഷൻ തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മിച്ചം കയ്യിലുള്ള തുക കണക്കാക്കുന്നതിനായി C = A-b എന്ന ഫോർമുല ഉപയോഗിച്ചിട്ടുണ്ട് . എന്നാൽ കയ്യിലുള്ള തുക (A), ആകെ നൽകിയ തുക (B), മിച്ചം കയ്യിലുള്ള തുക (C) എന്നിവയൊന്നും രേഖപ്പെടുത്താതെ നൽകിയിരിക്കുന്ന വിതരണ വിവരങ്ങൾ അംഗീകരിക്കാനാവില്ല. സഹകരണബാങ്ക് പെൻഷൻ വിതരണം കൈകാര്യം ചെയ്യുന്നതിൽ കൃത്യത ഇല്ലെന്ന് ഇതിനാൽ വ്യക്തമാവുകയാണ്. ടി തുകകൾ തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ UTR നമ്പർ സഹിതം സ്റ്റാറ്റസിൽ രേഖപ്പെടുത്തി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

C) 01.02.2022 ൽ 23/2022 എന്ന നമ്പരിൽ ശ്രീ. ചാത്തൻ വിത്തേൻ എന്നയാളുടെ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| പേര് | ആധാർ നം. | മരണപ്പെട്ട തീയതി/ സസ്പെന്റ് ചെയ്ത തീയതി | അനർഹമായ കാലയളവിലെ തുക | റിമാർക്സ് |
|---|---|---|---|---|
| ചാത്തൻ വിത്തേൻ, വാർദ്ധക്യകാല പെൻഷൻ ID 106780201811 | 578214333069 | 01.02.2021 , 23.02.2022 | 03/2021 To 01/2022, 17,500/- | തുക SBI അക്കൗണ്ടിൽ നിക്ഷേപിച്ചു. |

ആധാർ കാർഡ് പ്രകാരം മഴവന്നൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിരതാമസക്കാരനായ ഇദ്ദേഹത്തിന്റെ മരണം, പൂതൃക്ക ഗ്രാമപഞ്ചായത്തിൽ ഒരു വർഷത്തെ കാലതാമസത്തിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇപ്രകാരമുള്ള സംഗതികളുമായി ബന്ധപ്പെട്ട്, സർക്കാർ സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021ലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും അനർഹമായ കാലയളവിലെ തുകകൾ തിരിച്ചടവാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. തുക തിരിച്ചടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ക്ഷേമനിധി ബോർഡ്, ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

D) മരണ വിവരം ക്ഷേമനിധി ബോർഡിനെ യഥാസമയം അറിയിച്ചിട്ടും ബോർഡ് പെൻഷൻ ആക്ടീവായി തുടരുന്നു.

| പേര് | ആധാർ നം. | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|
| പരമേശ്വരൻ | 508237123136 | 18.10.21 | Pen ID 2043155201 Active |

പരമേശ്വരൻ മണ്ണമ്പിള്ളിയുടെ കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനായി 24.01.2022 ന് A2 4828/ 2021 നമ്പർ കത്തു പ്രകാരം പൂതൃക്ക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കേരള ബിൽഡിംഗ് & കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പെൻഷൻ അക്കൗണ്ട് നിലവിലും ആക്ടീവായി തുടരുന്നു. Pen ID 2043155201.

| പേര് | ആധാർ നം. | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|
| രാമൻകുട്ടി കെ.എൻ. | 335293320817 | 19.12.2021 | Pen ID 2043054635 Active കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ |

ക്ഷേമനിധി ബോർഡിനെ യഥാസമയം വിവരം അറിയിച്ചിട്ടും പെൻഷൻ ആക്ടീവായി തുടരുന്നതിനാൽ വീണ്ടും കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

E) മരണ രജിസ്ട്രേഷനുള്ള അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന ആധാർ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്ന 2021-22 ലെ മരണറിപ്പോർട്ടുകൾക്കൊപ്പം ഇല്ലാത്തതിനാൽ പെൻഷൻ വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കുന്നില്ല. (ബൈൻഡ് ചെയ്യാത്തവയിൽ നിന്നുള്ള വിവരങ്ങളാണ് പരിശോധിച്ചത്.) ഇപ്രകാരം ആധാർ വിവരങ്ങൾ വേർപെടുത്തി വയ്ക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ആധാർ വിവരങ്ങൾ വ്യകതിഗത വിവരമായതിനാൽ മരണ റിപ്പോർട്ടുകൾക്കൊപ്പം സൂക്ഷിക്കേണ്ടതില്ല എന്ന കേന്ദ്ര ഗവൺമെന്റ് സർക്കുലർ പ്രകാരമാണ് വിവരങ്ങൾ വേർപെടുത്തി സൂക്ഷിക്കുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലറിൽ പറയുന്നത് ജനന മരണ രജിസ്ട്രേഷന് ആധാർ മാൻഡേറ്ററി റിക്വയർമെൻറ് ആക്കരുത് എന്നും ആധാർ വിവരങ്ങൾ ഡാറ്റാബേസിൽ സ്റ്റോർ ചെയ്യരുത് എന്നുമാണ്. അപേക്ഷകൻ സ്വമേധയാ നൽകുന്ന ആധാർ വിവരങ്ങൾ സ്വീകരിക്കാവുന്നതാണെന്നും സർക്കുലർ വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന ആധാർ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്ത് പെൻഷൻ വിവരങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്. ആയതിന്റെ കൃത്യത മാത്രമാണ് ഓഡിറ്റ് പരിശോധിക്കുന്നത് എന്നതിനാൽ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന വിവരങ്ങൾ ചേർത്ത് വയ്ക്കേണ്ടതാണ്.

## 1-32 എസ് സി വിദ്യാർഥികൾക്ക് പഠനമുറി - മുൻകൂർ നൽകിയിട്ടും പണി പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0241/22 |
| പ്രോജക്ട് | പഠനമുറി (എസ് സി) |
| അടങ്കൽ | 900000/-<br>(വികസന ഫണ്ട് - എസ് സി പി - 7,50,000/-<br>തനതുഫണ്ട് - 150000/-) |
| ചെലവ് | 420000/- |
| ബിൽ നം,/തിയതി | 461/16.03.2022 -100000/-<br>462/16.03.2022 – 100000/-<br>546/30.03.2022 – 120000/-<br>547/30.03.2022 – 100000/- |
| നിർവഹണം | അസി. സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിന് വേണ്ടി 100 ചതുരശ്ര അടിയിലധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് മേൽ പദ്ധതിയിൽ 4 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ രണ്ട് ഗുണഭോക്താക്കൾ ധനസഹായം മുൻകൂറായി കൈപ്പറ്റിയിട്ടും പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിദ്യാർഥിയുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സി കെ കുമാരൻ, കല്ലുമറ്റത്തുകുടിയിൽ | കിഷൻ സി കണ്ണൻ | 50000/- |
| 2 | സജി സി പി, ചന്ദ്രപറമ്പിൽ | അനന്ദു സജി | 170000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ടും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11എ/തീ.20.12.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രണ്ട് ഗുണഭോക്താക്കളും പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കുന്ന മുറക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ ഈ തുക 2,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 മരാമത്ത് പ്രവൃത്തികളുടെ പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും അപാകത കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

1)ക്യാഷ്ബുക്ക് ( TR 7A ) കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2)കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ

പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

3) പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5)റോഡ് പ്രവർത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

6)സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല.

2012ലെ കേരള പൊതുമരാമത്ത് മാന്വൽ (2009.6)പ്രകാരം അംഗീകരിച്ച ടെൻഡർ സമർപ്പിച്ച കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കുകയും സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പറ്റി 14ദിവസത്തിനകം പിഴകൂടാതെയും തുടർന്നുവരുന്ന 10ദിവസത്തിനുള്ളിൽ കരാർ തുകയുടെ 1%പിഴയോടുകൂടിയും കരാർ ഉടമ്പടി ചമക്കാവുന്നതാണ്.എന്നാൽ പല മരാമത്ത് പ്രവർത്തികളുടെ കാര്യത്തിലും സെലക്ഷൻ നോട്ടീസ് അയച്ചതായി കാണുന്നില്ല. അതിനാൽതന്നെ യഥാസമയം കരാർ ഉടമ്പടി ചമച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല.

7)മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല.

8)മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

9)എല്ലാ വർഷവും കുടിവെള്ള പ്രോജക്ടുകൾക്ക് വേണ്ടി തുകകൾ ചെലവഴിക്കുന്നുണ്ടെങ്കിലും അവ പൂർണ്ണമാക്കി കുടിവെള്ള വിതരണം കുറ്റമറ്റ രീതിയിൽ ആക്കിയിട്ടില്ല.

10) എല്ലാ ആസ്തികളും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 720000 | ലൈഫ് പദ്ധതി -(S.C)-62/22 | 720000 | - |
| | 2021-22 | 1,64,000 | ലൈഫ് പദ്ധതി (എസ്.റ്റി)-66/22 | 1,64,000 | - |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 10,00,000 | ലൈഫ് പദ്ധതി-ഭൂമി വാങ്ങൽ (ജനറൽ ) 131/22 | 10,00,000 | |
| | 2021-22 | 10,02,000 | നെൽകൃഷി വികസനം-20/22 | 10,02,000 | |
| | 2021-22 | 325000 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം -31/22 | 325000 | |
| | 2021-22 | 800000 | പാലിന് സബ്സിഡി-122/22 | 800000 | |
| ആകെ | | 40,11,000 | | 40,11,000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 472600 | ലൈഫ് പദ്ധതി -ജനറൽ-67/22 | 472600 | - |
| | 2021-22 | 1563816 | ലൈഫ് പദ്ധതി(SC) -62/22 | 1563816 | |
| | 2021-22 | 40000 | ലൈഫ് പദ്ധതി(S.T)-66/22 | 40000 | |
| | 2021-22 | 325000 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം -31/22 | 325000 | |
| ആകെ | | 2401416 | | 2401416 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | എസ്- 76/22, കവനമോലേൽ കുടിവെള്ളപദ്ധതി | 21701457/28.02.2022 | 102259 | 0 | 102259 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2(4)(എ) | 2014-15 | 2(4), 2(4)a | കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 17 പേരിൽ 5 പേർ തുക അടവാക്കിയിട്ടുണ്ട്. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർചാർജ് സർട്ടിഫിക്കറ്റ് | | ആകെ തിരിച്ചടച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 1998-99 | 29 | ബേബി കമലം | LF/16672/spl/ Cell/SC8/02 10.04.2013 | 16969 | -- | 16969 |
| 2 | 2001-2002 | 20 A, B | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 234 | -- | 234 |
| 3 | 2001-2002 | 21 A, B | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 1770 | -- | 1770 |
| 4 | 2001-2002 | 22 | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 1550 | -- | 1550 |
| 5 | 2001-2002 | 24 | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 1811 | -- | 1811 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,18,85,074 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,59,36,401 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1271646 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

.

ഇല്ല.

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 140581 | ദീപു ദിവാകരൻ, സെക്രട്ടറി |
| 1-20 | 1) 24787 | ഷർമ്മിള സി.പി, അസി.എഞ്ചിനീയർ. |
| | 2)274097 | ഷർമ്മിള സി.പി, അസി.എഞ്ചിനീയർ. |
| | 3) 136097 | ബേസിൽ മത്തായി, അസി.എഞ്ചിനീയർ |
| 1-22 | 57009 | ജസ്ളിൻ ലില്ലി സാറാ ജേക്കബ് |
| 1-26 | 50000 | ദീപു ദിവാകരൻ, സെക്രട്ടറി |
| 1-27 | 242667 | ദീപു ദിവാകരൻ,സെക്രട്ടറി |
| 1-29 | 59408 | ദീപു ദിവാകരൻ,സെക്രട്ടറി |
| 1-30 | 67000 | ദീപു ദിവാകരൻ,സെക്രട്ടറി |
| 1-32 | 220000 | ആശ കെ. പി, അസി. സെക്രട്ടറി |
| ആകെ | | 1271646 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ദീപു ദിവാകരൻ, സെക്രട്ടറി | സെക്രട്ടറി, പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | ചാപ്പുരയിൽ, പാലക്കാമറ്റം, പൂത്തൃക്ക പി.ഒ, എറണാകുളം |
| ശ്രീമതി. ഷർമ്മിള സി.പി,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | ചൂരക്കാട് ഹൗസ്, മരട് പി.ഒ , എറണാകുളം |
| ശ്രീ. ബേസിൽ മത്തായി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | ഏടേക്കുഴിയിൽ കറുകപ്പിള്ളി പി. ഒ എറണാകുളം |
| ശ്രീമതി. ജസ്‌ളിൻ ലില്ലി സാറാ ജേക്കബ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പൂതൃക്ക ഗ്രാമ പഞ്ചായത്ത് | കളവടയിൽ പഴവങ്ങാടി പി. ഒ, റാന്നി, പത്തനംത്തിട്ട |
| ശ്രീമതി. ആശ കെ. പി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, പൂതൃക്ക ഗ്രാമ പഞ്ചായത്ത് | കുഴിപ്പനത്തിൽ മുളന്തുരുത്തി |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2004-05 | എൽ.എഫ്.ഇ.(പി1)1878/07, 29.4.08 |
| 2005-06 | എൽ.എഫ്.ഇ.(പി1)1344/10, 3.11.11 |
| 2006-07 | എൽ.എഫ്.ഇ.(പി1)1345/10, 3.11.11 |
| 2007-08 | എൽ.എഫ്.ഇ.(പി1) 1346/10 , 03.11.11 |
| 2008-09, 2009-10 & 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി1)1155/18, 20.07.2019 |
| 2011-12 | എൽ.എഫ്.ഇ.(പി1)157/14, 02.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി1)386/15, 10.04.15 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി1)1784/15, 30.11.15 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി1)45/17, 25.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി1)1272/17, 16.05.18 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി1)1625/18, 13.09.18 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി1) 008/2020, 10.03.2020 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി1) 487/2021 , 29.03.2021 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി1) 1180/2022 , 08.08.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ്കാര്യാലയം എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്